## സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിന പ്രതിജ്ഞ

സെപ്റ്റംബർ 20, ലോകമെങ്ങും സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനമായി ആചരിക്കുന്ന ഈ വേളയിൽ, നമ്മൾ ഓരോരുത്തരും സാങ്കേതികവിദ്യയുടെ വെറും ഉപഭോക്താക്കളല്ല, മറിച്ച് അതിൻറെ ഭാവി ശില്പികളാണ് എന്ന് തിരിച്ചറിയുന്നു. ഒരുമിച്ച്, നമ്മൾ ഒരു പ്രതിജ്ഞയെടുക്കുന്നു.

എല്ലാ പുരോഗതിയുടെയും അടിസ്ഥാനം മനുഷ്യൻ പലപ്പോഴായി സ്വായത്തമാക്കിയ അറിവാണ്. തലമുറകളിലൂടെ കൈമാറി വികസിച്ചു വന്ന ആ അറിവ് ഉപയോഗിക്കാനും മെച്ചപ്പെടുത്താനും കൈമാറ്റം ചെയ്യാനും ഏതൊരു വ്യക്തിക്കും അവകാശമുണ്ടായിരിക്കണം എന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അറിവിൻറെ കുത്തകവത്കരണം ഒരു രംഗത്തും ഉണ്ടാകാതിരിക്കാനായി ഞാൻ പ്രയത്നിക്കും. സാങ്കേതികവിദ്യകളുടെ ഭാഗമായ സോഫ്റ്റുവെയറുകളുടെ നിർമ്മാണത്തെ സംബന്ധിക്കുന്ന അറിവുകൾ എല്ലാവർക്കും ഉപയോഗിക്കാനും പഠിക്കാനും മെച്ചപ്പെടുത്താനും കഴിയണമെന്ന് എന്ന് ഞാൻ തിരിച്ചറിയുന്നു. അതിനാൽ എല്ലാത്തരം വിജ്ഞാനത്തിന്റെയും സ്വാതന്ത്ര്യത്തിനായി നിലകൊള്ളുമെന്നും പ്രവർത്തിക്കുമെന്നും ഞങ്ങൾ കൂട്ടായി പ്രതിജ്ഞ ചെയ്യുന്നു.

അധ്യാപകരും രക്ഷിതാക്കളും ഞങ്ങൾക്ക് നൽകുന്ന എല്ലാ അറിവും, തുറന്ന മനസ്സോടെ സ്വീകരിക്കാനും അത് മറ്റുള്ളവരിലേക്ക് പകർന്നുകൊടുക്കാനും ഞങ്ങൾ തയ്യാറാണ്. സൈബർ ലോകത്തിലെ ഉത്തരവാദിത്തബോധമുള്ള പൗരന്മാരാകാനും, സൈബർ സുരക്ഷയെക്കുറിച്ചും സ്വകാര്യതയെക്കുറിച്ചുമുള്ള അറിവുകൾ നേടാനും, സാങ്കേതികവിദ്യയെ സമൂഹത്തിൻ്റെ നന്മയ്ക്കായി ഉപയോഗിക്കാനും ഞങ്ങൾ പ്രതിജ്ഞയെടുക്കുന്നു

Signed by
Umesh N S K
Date: 16-09-2025 21:34:05